## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.230** 07.08.2017-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് സർക്കാർ ആശുപത്രികളിലെ നഴ്സുമാർക്ക് ലഭിക്കുന്നതിന് അനുസൃതമായ ശമ്പളം നൽകണമെന്ന് സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണമുള്ള കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത ശിപാർശ നൽകിയത്; ശിപാർശയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) 24/02/16 ൽ കൂടിയ കമ്മിറ്റിയാണ് പ്രസ്തുത ശിപാർശ നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ശിപാർശയുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.<br>(1) ശമ്പളം<br>• 50 വരെ കിടക്കകളുള്ള ആശുപത്രികൾ - ഏറ്റവും കുറഞ്ഞ വേതനം - 20000/- രൂപ<br>• 50 നും 100 നും ഇടയിൽ കിടക്കകളുള്ള ആശുപത്രികൾ- സർക്കാർ നഴ്സുമാരുടെ വേതനത്തിൽ നിന്നും 25% കുറച്ചിട്ടുള്ള തുകയിൽ കുറയാത്തത്.<br>• 100 നും 200 നും ഇടയിൽ കിടക്കകളുള്ള ആശുപത്രികൾ- സർക്കാർ നഴ്സുമാരുടെ വേതനത്തിൽ നിന്നും 10% കുറച്ചിട്ടുള്ള തുകയിൽ കുറയാത്തത്.<br>• 200 ന മുകളിൽ കിടക്കകളുള്ള ആശുപത്രികൾ- സർക്കാർ നഴ്സുമാർക്ക് തുല്യമായ വേതനം.<br>(2) പ്രവർത്തന മാനദണ്ഡങ്ങൾ<br>അവധി, പ്രവർത്തന സമയം, ചികിത്സാ സൗകര്യങ്ങൾ, യാത്രാസൗകര്യം, താമസസൗകര്യം |

എന്നിവ സർക്കാർ നഴ്സുമാർക്ക് അനുവദിച്ചിട്ടുള്ളതിന് തുല്യമാകണം.

(3) പ്രൈവറ്റ് ആശുപത്രികളിലും/ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന നഴ്സ്മാർക്ക് മുകളിൽ പറയുന്ന ശുപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ/ നിയമനിർമ്മാണം രൂപീകരിക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളും നടപടി സ്വീകരിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| (ബി) | ഈ നിർദ്ദേശം നടപ്പിലാക്കണമെന്ന് കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രി സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി ഇക്കാര്യം നടപ്പിലാക്കുവാനുള്ള നടപടി കൈക്കൊള്ളുമോ? | (ബി) | ഉണ്ട്. സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണമുള്ള കമ്മിറ്റിയുടെ ശിപാർശകൾ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതിയുടെ അഭിപ്രായത്തിനായി നല്കിയിട്ടുണ്ട്. സമിതിയുടെ നിർദ്ദേശങ്ങൾ പരിശോധിച്ച് മിനിമം വേതന ഉപദേശക സമിതി സർക്കാരിന് ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരടക്കമുള്ള ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ചട്ടപ്രകാരമുള്ള മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.